# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2952 | 20.03.2015-ൽ മറുപടിയ്ക്ക് |

## അങ്കമാലി നിയോജകമണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം<br>**ശ്രീ.ജോസ് തെറ്റയിൽ** | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ചെമ്പിച്ചേരി റോഡ്, കാലടി - മഞ്ഞപ്ര റോഡ്, അങ്കമാലി - മഞ്ഞപ്ര റോഡ്, ക്യാംപ് ഷെഡ് റോഡ് തുടങ്ങിയ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് തുക അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ടെണ്ടറുകൾ ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനും പൂർത്തീകരിക്കാനും സാധിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ ;<br>(ബി) ഈ പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കുമോ ;<br>(സി) ഈ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനും പൂർത്തീകരിക്കാനും സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | (എ), (ബി) & (സി) അങ്കമാലി നിയോജക മണ്ഡലത്തിലെ ചെമ്പിച്ചേരി റോഡ്, അങ്കമാലി - മഞ്ഞപ്ര റോഡ്, തുടങ്ങിയ പ്രവൃത്തികളുടെ ടെണ്ടറുകൾ 26.02.2015-ലെ സർക്കാർ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. കാലടി - മഞ്ഞപ്ര റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ ശുപാർശ ചീഫ് സെക്രട്ടറി നേതൃത്വം നൽകുന്ന ടെണ്ടർ കമ്മിറ്റിയിൽ പരിഗണിക്കുവാനായി ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നുണ്ട്. വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള കാലതാമസവും പാർട്ട് ബില്ലിന്റെ പേമെന്റിന്റെ കാലതാമസവും മൂലം ക്യാമ്പ് ഷെഡ് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടു. ക്യാമ്പ് ഷെഡ് റോഡിൽ ബി.എം. & ബി.സി പണികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാക്കി യുള്ള റോഡ് ഫർണീച്ചറുകളും, ഉറപ്പിക്കലും പ്രാഥമികമായ ദൃഢത കൈവരിച്ചതിനു ശേഷം ഉടൻ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ